5. വികലാംഗർക്ക് വേണ്ടിയുള്ള സേവനങ്ങൾ വിപുലീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് പഠിക്കുക.

6. ഇപ്പോൾ നിലവിലുള്ള വികലാംഗ ക്ഷേമ പരിപാടികളെക്കുറിച്ച് പഠിക്കുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

7. സംസ്ഥാനത്തെ വികലാംഗരെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ രൂപപ്പെടുത്തുക.

8. വികലാംഗരുടെ സന്തുലിതമായ വികസനത്തിനുവേണ്ട പരിപാടികൾ നിർദ്ദേശിക്കുകയും 20 കൊല്ലത്തേയ്ക്ക് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും അവയ്ക്കുണ്ടാകാവുന്ന ചെലവുകൾ കണക്കാക്കുകയും ചെയ്യുക.

(ബി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. 1995-ലെ കേന്ദ്ര വികലാംഗ (തുല്യ അവസര, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്ത) നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 18.12.99-ലെ മീറ്റിംഗിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വികലാംഗരെ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവേ നടത്തുന്നതിന് അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2001-ലെ കാനേഷുമാരിയോടൊപ്പം വികലാംഗരുടെ സർവ്വേ കൂടി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സെൻസസ് രജിസ്ട്രാർക്കും കത്തയച്ചിട്ടുണ്ട്.

56 (633) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) സരോജിനി ബാലാനന്ദനെ സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ഡി) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

ഉത്തരം

(എ) സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് അവസാനമായി പുനഃസംഘടിപ്പിച്ചത് 1997 ഏപ്രിൽ മാസം 16-ാം തീയതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി വയ്ക്കുന്നു.

(സി) ഉണ്ട്. ശ്രീമതി സരോജിനി ബാലാനന്ദന്റെ നിയമന കാലാവധി 1999 ഡിസംബർ മാസം 17-ാം തീയതി വരെയായിരുന്നു.

(ഡി) സാമൂഹ്യക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ ഒരു ചെറു വിവരണം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

57 (633) അംഗൻവാടികളുടെ പ്രവർത്തനം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ,

(ബി) സംസ്ഥാനത്തെ താഴെക്കിടയിലുള്ളവരുടെയും പാവപ്പെട്ടവരുടെയും കുട്ടികൾ പഠിക്കുന്ന അംഗൻവാടികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അൽപ്പമെങ്കിലും വർദ്ധനവ് വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി വർക്കർമാരെ സൂപ്പർവൈസർമാരാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ കേന്ദ്ര ഗവൺമെന്റിൽ എന്നൊക്കെ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആവശ്യമായ പരിശീലനം അംഗൻവാടി വർക്കർമാർക്കു നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. കൂടാതെ അംഗൻവാടി കെട്ടിട നിർമ്മാണവും പോഷകാഹാര വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു.

(ബി) അംഗൻവാടികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ അവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുകയാണ്.

(സി) 3.7.99-ലെ ജി.ഒ. (പി) 28/99/സാക്ഷേവ. ഉത്തരവനുസരിച്ച് അംഗൻവാടി വർക്കർമാരെ സൂപ്പർവൈസർമാരായി നിയമിക്കുന്നതിന്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്
1117/2010.

LIBRARY ARCHIVES Kerala Legislative Assembly